**Publication:** Varthamanam
**Date:** 10.10.2015
**Page:**02
**Headline:**TCS IT Wiz: Kottayam Mar Baselios Public School wins

# ടി സി എസ് ഐ ടി വിസ്: കോട്ടയം മാർ ബസേലിയോസ് പബ്ലിക്ക് സ്കൂൾ ജേതാക്കൾ



കൊച്ചി: ടി സി എസ് ഐടി വിസ് ഇന്റർസ്കൂൾ ക്വിസ് മത്സരത്തിൽ കോട്ടയം മാർ ബസേലിയോസ് പബ്ലിക്ക് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥികളായ തോമസ് ജോൺ, തോമസ് ഫിലിപ്പും ജേതാക്കളായി. ചിന്മയ വിദ്യാലയ ത്രിപ്പൂണിത്തുറയിലെ അദിത്ത് വി മേനോനും ഗൗതം ഹരിലാലിനുമാണ് രണ്ടാം സ്ഥാനം. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ കേരളത്തിലെ 180 സ്കൂളുകളിൽ നിന്നായി 180 വിദ്യാർഥികൾ പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാന വിതരണം അഡീഷണൽ ചീഫ് സെക്രട്ടറി വി ജെ കുര്യൻ നിർവഹിച്ചു.

ചടങ്ങിൽ ടി സി എസിന്റെ കേരള ഡെലിവറി ഹെഡും വൈസ് പ്രിസിഡന്റുമായ ദിനേശ് പി തമ്പിയും പങ്കെടുത്തു.

ഈ വർഷം കേരളമടക്കം ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിൽ ടി സി എസ് ക്വിസ് മത്സരം നടത്തിയിരുന്നു. 8-മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായാണ് മത്സരം. നോളജ് ഇനീഷിയേറ്റീവ് എന്ന ലക്ഷ്യത്തോടെ 1999ലാണ് ടി സി എസ് മത്സരപരിപാടിക്ക് തുടക്കം കുറിച്ചത്. വിദ്യാർഥികൾക്ക് വിവരസാങ്കേതികവിദ്യാ രംഗത്തോടുള്ള താത്പര്യം വർദ്ധിപ്പിക്കുകയാണ് പരിപാടിയിലൂടെ ലക്ഷ്യം.